# ആമുഖം

മലയാളം പഠിക്കാൻ അത്യധികം ആഗ്രഹിച്ചിരുന്ന ഒരു ഗ്രാമത്തിന്റെ ചിരകാലാഭിലാഷം 1973-ൽ പെരുന്തും കടവ് ഗവ: എൽ.പി.എസ് തുടങ്ങിയതോടെ സാക്ഷാത്കരിക്കുകയായിരുന്നു. അന്ന് സ്കൂളിന് വേണ്ടി സ്ഥലം നൽകിയത് മരണപ്പെട്ട ശ്രീ അബ്ബാസ് ഹാജിയും അദ്ദേഹത്തിന്റെ ജ്യേഷ്ഠനുമായിരുന്നു. അന്ന് പ്രകൃതിമനോഹരമായിരുന്നു സ്കൂൾ സ്ഥിതി ചെയ്യുന്ന കുന്ന്. മുകൾഭാഗം വിവിധ തരത്തിലുള്ള മരങ്ങളും കുറ്റിച്ചെടികളും വള്ളിപ്പടർപ്പുകളും പക്ഷികളുടെയും ചിത്രശലഭങ്ങളുടെയും വിഹാരരംഗമായിരുന്ന ആ സ്ഥലം ആരും ഇഷ്ടപ്പെടുമായിരുന്നു. അന്ന് സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു ജനവിഭാഗത്തിന്റെ പഠനകേന്ദ്രമായിരുന്നു അത്. അന്ന് നാട്ടുകാർ പണിത കെട്ടിടം 1996-ൽ ഇടിഞ്ഞു വീഴുകയും തുടർന്ന് പഞ്ചായത്തും ഡി.പി.ഇ.പി.യും രണ്ട് റൂമുകൾ വീതം പണിയുന്നതിനുള്ള ഫണ്ട് നൽകുകയും ഇന്നത്തെ കെട്ടിടം നിർമ്മിക്കുകയും ചെയ്തു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എസ്. എസ്. എ. എന്നിവയിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ ഉപയോഗിച്ച് സ്കൂളിന് ധാരാളം വികസനങ്ങൾ ഉണ്ടായി.

തൊട്ടടുത്ത സദ്ഗ്രാമത്തിലെ മുഴുവൻ കുട്ടികളും ഈ സ്കൂളിലാണ് പഠിക്കുന്നത്. എസ്. എസ്. എ, എൽ. എസ്. ജി എന്നിവയിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ, പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ എന്നിവ കൃത്യമായി ഉപയോഗപ്പെടുത്തി സ്കൂൾ മനോഹരമാക്കുന്നുണ്ട്. പ്രകൃതി നിരീക്ഷണം, കൃഷിയിട നിരീക്ഷണം, എന്നിവയ്ക്കെല്ലാം സൗകര്യം ഈ സ്കൂളിനുണ്ട്. ഇനിയും കൂടുതൽ ഉയർച്ച നേടാൻ ഈ സ്കൂളിനു സാധിക്കും.

സ്കൂളിന്റെ ഇന്നത്തെ സാഹചര്യം മുൻനിർത്തി ഫോക്കസ് സ്കൂൾ പട്ടികയിൽപ്പെട്ട ജി.എൽ.പി. എസ് എരുത്തുംകടവിന്റെ പ്രകടനത്തിനെ ബാധിക്കുന്ന ആന്തരികവും ബാഹ്യവുമായ ഘടകങ്ങളെ കുറിച്ചുള്ള സമഗ്രമായ ധാരണ നൽകാൻ ഈ SWOT ലക്ഷ്യമിടുന്നു.

Strengths

* കുട്ടികൾക്ക് ഒരേക്കർ ഭൂമിയിലുള്ള ക്ലാസ്മുറികൾ.
* ശുദ്ധീകരിച്ച കുടിവെള്ളം
* ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ടോയ്‌ലറ്റ് സൗകര്യം.
* M.P. ഫണ്ടിൽ നിന്നും ലഭിച്ച കമ്പ്യൂട്ടറുകൾ
* പരിചയസമ്പന്നരായ പരിശീലനം ലഭിച്ച അധ്യാപകർ.
* സൗജന്യ ഉച്ചഭക്ഷണം, പാഠപുസ്തകം.
* Community ഇടപെടൽ- ഇടപഴകലും വിഭവങ്ങളും മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു.
* മികച്ച സൗകര്യമുള്ള കമ്പ്യൂട്ടർ ലാബ്
* വായന പരിപോഷിപ്പിക്കുന്നതിനായി പ്രത്യേകം സജ്ജീകരിച്ച വായനാമൂല.

## Weakness

I

* അപര്യാപ്തമായ ക്ലാസ്മുറികൾ
* ശുചിമുറികളുടെ എണ്ണക്കുറവ്
* അപര്യാപ്തമായ പഠനോപകരണങ്ങൾ

II

* പാഠ്യപദ്ധതിയുടെ ഉള്ളടക്കം, പഠനാനുഭവങ്ങൾ ഫലവത്തായി നൽകുന്നതിന് കഴിയാത്ത അവസ്ഥ.

III

* രക്ഷിതാക്കൾക്ക് കൃത്യമായ വിദ്യാഭ്യാസ ധാരണയില്ലായ്മ

IV

* വായനയിലും ലേഖനത്തിലും (Mal, Eng) തുടർപ്രവർത്തനങ്ങൾ നടത്തുന്നതിന് കഴിയുന്നില്ല. ഗണിത പ്രവർത്തനങ്ങൾ ഭാഷാപരമായി കൈകാര്യം ചെയ്യാൻ കഴിയാത്തത്.
* പൊതുവേദികളിൽ കുട്ടികൾക്ക് മുന്നിട്ടുനിൽക്കുന്നതിനുള്ള വൈമനസ്യം
* പഠ്യേതര പ്രവർത്തനങ്ങളിലെ പങ്കാളിത്തക്കുറവ്
* കുട്ടികൾക്ക് പഠനപ്രവർത്തനങ്ങളിൽ സാമൂഹ്യ പിന്തുണ ലഭിക്കാത്തത്; പ്രാദേശിക ക്ലബ്ബുകളുടെ പ്രവർത്തനം കുട്ടിയുടെ പഠനവുമായി ബന്ധമില്ലാതെ തുടരുന്ന അവസ്ഥ.

## Opportunities

I. സ്കൂൾ സൗകര്യങ്ങൾ നവീകരിക്കുന്നതിനും അധ്യാപനരീതികൾ മെച്ചപ്പെടുത്തുന്നതിനും വിവിധ സർക്കാർ പരിപാടികളും ഗ്രാന്റുകളും ലഭ്യമാണ്. ക്ലാസ്മുറികളും ശുചിമുറികളും നിർമ്മിച്ചുനൽകുന്നതിന് BRC തലത്തിലും പഞ്ചായത്ത് തലത്തിലും പ്രത്യേക ശ്രദ്ധ ചെലുത്തിക്കൊണ്ട് വികസനപ്രവർത്തനങ്ങൾ പുരോഗതിയുടെ പാതയിലേക്ക് നയിക്കാവുന്നതാണ്. ഇത്തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

II വിവിധ പഠനാനുഭവങ്ങൾ ഉറപ്പുവരുത്തുന്നതിനായി ലൈബ്രറി, IT ലാബ് എന്നിവ പഞ്ചായത്തിന്റെ സഹായത്തോടുകൂടി സ്കൂളിൽ സ്ഥാപിച്ചുവരുന്നു. ഡിജിറ്റൽ പഠന ഉപകരണങ്ങളും വിഭവങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് നൂതന അധ്യാപനരീതികൾ കൊണ്ടുവരും. IT ലാബ് പ്രവർത്തനസജ്ജമായിരിക്കുന്നു. വായനാമൂല പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

III രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. CPTA യിൽ സജീവ പങ്കാളിത്തം ഉറപ്പാക്കുക. അതിന് വേണ്ടി corner PTA, ഗൃഹസന്ദർശനം എന്നിവ നടത്തി രക്ഷിതാക്കളെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.

IV വൈകുന്നേരം 4 മണി മുതൽ 4:30 വരെ അധികസമയം കണ്ടെത്തി പിന്നോക്കക്കാരായ കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നതിനുവേണ്ടിയും എൽ. എസ്. എസ് ലക്ഷ്യം വച്ചും പ്രവർത്തനങ്ങൾ നടത്തുന്നു. ആഗസ്റ്റ് മാസം മുതൽ ഇത് തുടങ്ങുന്നു. പിന്നീടങ്ങോട്ട് രാവിലെയും വൈകുന്നേരങ്ങളിലുമായി കൂടുതൽ സമയം കണ്ടെത്തി പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നു.

V ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ശ്രദ്ധ തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകുന്നു. ഓരോ ആഴ്ചയിലും കുട്ടികളെ വിലയിരുത്തൽ പ്രക്രിയയിലൂടെ നിലവാരം കണ്ടെത്തി തുടർപരിഹാരബോധനം ആസൂത്രണം ചെയ്യുന്നു. പ്രത്യേക SRG യോഗങ്ങൾ സംഘടിപ്പിക്കുന്നു.

VI ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ടുകൊണ്ട് കുട്ടിയുടെ സമഗ്രമായ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

VII പൊതുവേദികളിൽ കുട്ടികളെ മുൻനിരയിൽ കൊണ്ടുവരുന്നതിനായി സ്കൂൾ അസംബ്ലിയിലും, ദിനാചരണവേളകളിലും, ബാലസഭകളിലും, പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ അവസരങ്ങൾ നൽകുന്നു.

VIII കുട്ടികളുടെ സമഗ്രമായ വികസനം പ്രോൽസാഹിപ്പിക്കുന്നതിന് ക്ലബ്ബുകൾ, കായിക-കലാ സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയ്ക്ക് വേണ്ടി റിസോഴ്സ് വ്യക്തികളെ ഉപയോഗപ്പെടുത്തിക്കൊണ്ട് മാസത്തിലൊരിക്കൽ വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുന്നു.

IX. ക്ലബ്ബ്, കമ്മ്യൂണിറ്റി നേതാക്കൾ ഇവരുടെ പ്രവർത്തനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനായി SMC ചേർന്ന് സ്കൂൾ കമ്മ്യൂണിറ്റി ബന്ധം വളർത്തുക. പഠനപ്രവർത്തനങ്ങൾക്ക് SMC യുടെ സഹായം ഉറപ്പുവരുത്തുക.

# പ്രവർത്തന കലണ്ടർ

| Sl. No | പ്രവർത്തനം | സമയം | ഏജൻസി |
|---|---|---|---|
| 1. | ഭിന്നതല ക്ലാസ് | ദിവസേന 9:30 – 10:00 4:00 – 4:30 | അധ്യാപകർ |
| 2. | വിലയിരുത്തൽ | എല്ലാ ശനിയാഴ്ചയും. | അധ്യാപകർ രക്ഷിതാക്കൾ |
| 3. | SRG | വ്യാഴാഴ്ച | അധ്യാപകർ |
| 4. | SMC | മാസത്തിലൊരിക്കൽ. | PTA SMC |
| 5. | PTA | മാസത്തിലൊരിക്കൽ. | PTA |
| 6. | ക്ലാസ് പി.ടി.എ. | മാസത്തിലൊരിക്കൽ | അധ്യാപകർ |
| 7. | ഗൃഹസന്ദർശനം. | മാസത്തിലൊരിക്കൽ | അധ്യാപകർ രക്ഷിതാക്കൾ. |
| 6. | വർക്ക്ഷോപ്പ് | മാസത്തിലൊരിക്കൽ | PTA SRG. |
| 7. | ക്ലബ്ബ് പ്രവർത്തനങ്ങൾ | | |

| പദ്ധതി | പ്രവർത്തനവിശദാംശം | കാലയളവ് | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|
| സ്കൂൾ അസംബ്ലി | * ക്ലാസ് തലത്തിൽ ഭാഷാടിസ്ഥാനത്തിൽ അസംബ്ലി സംഘടിപ്പിക്കാൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ [ ഇംഗ്ലീഷ്, മലയാളം, അറബിക് ]<br>* ആഴ്ചയിൽ രണ്ട് വീതം അസംബ്ലി. തിങ്കൾ, വ്യാഴം ദിവസങ്ങളിൽ. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | |
| ദിനാചരണങ്ങൾ / പ്രവർത്തന കലണ്ടർ. | * ദിനാചരണങ്ങളുടെ പ്രവർത്തന കലണ്ടർ തയ്യാറാക്കൽ | ജൂൺ-മാർച്ച് | SRG | |
| ക്ലാസ് PTA | * ക്ലാസ് തലത്തിൽ പഠനപ്രവർത്തനങ്ങൾ വിലയിരുത്തൽ.<br>* എല്ലാ മാസവും അവസാനത്തെ വ്യാഴാഴ്ച. | ജൂൺ-മാർച്ച് | SRG | |
| ICT പഠനപദ്ധതി. | * എല്ലാ വിഷയങ്ങൾക്കും ICT പഠനപദ്ധതി തയ്യാറാക്കൽ<br>* ആഴ്ചയിലൊരിക്കൽ ക്ലാസ് തലത്തിൽ ICT പഠനം | ജൂൺ-മാർച്ച് | SRG | |
| സർഗവേള | * പഠനപ്രകടനങ്ങൾക്ക് സഹായകരമാകും വിധം ക്ലാസ് തല സർഗവേളകൾ സംഘടിപ്പിക്കൽ. | ജൂൺ-മാർച്ച്. | ക്ലാസ് ടീച്ചർ. | |

| | | | | |
|---|---|---|---|---|
| വായനാ പരിപോഷണ പരിപാടി. | 'ഒരു ദിനം ഒരറിവ്' പദ്ധതിയുടെ ഭാഗമായി GK കറന്റ് അഫയേഴ്സ് ദിനവും കുട്ടികൾക്ക് നൽകൽ. * റേഡിയോവാർത്തകൾ കേൾക്കാൻ, ലൈബ്രറി വായന, വീട്ടിലൊരു ലൈബ്രറി ഒരുക്കൽ മുതലിവയ്ക്ക് അവസരമൊരുക്കൽ. | ജൂൺ- മാർച്ച്. | SRG | |
| ലേഖന പരിപോഷണ പരിപാടി. | *പിന്നോക്കക്കാരായ കുട്ടികൾക്കുവേണ്ടി പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ. | ആഗസ്റ്റ് മാർച്ച് | അധ്യാപകർ. | |
| ഹലോ ഇംഗ്ലീഷ് | * കുട്ടികളിലെ ഇംഗ്ലീഷ് പരിപോഷണത്തിനായി പ്രത്യേകപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ. | ആഗസ്റ്റ്- മാർച്ച് | SRG | |
| ക്ലാസ് ലൈബ്രറി പരിപോഷണ പരിപാടി | * ജന്മദിനത്തിൽ പുസ്തക ശേഖരണം; "പുസ്തകം എന്റെ ചങ്ങാതി" * വായനാമൂല ക്രമീകരണം | ജൂൺ- മുതൽ | ക്ലാസ് ടീച്ചർ. | |
| പച്ചക്കറിത്തോട്ട നിർമ്മാണം, സംരക്ഷണം | * സ്കൂളിലേക്ക് ആവശ്യമായ പച്ചക്കറികൾ ഉണ്ടാക്കാൻ ഭൗതികസാഹചര്യമൊരുക്കൽ | സെപ്തംബർ - ഡിസംബർ | PTA കുട്ടികൾ | |
| ഗണിതമൂല ക്രമീകരണം | * ഓരോ ക്ലാസിലും ഗണിതമൂല പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ | ആഗസ്റ്റ് സെപ്തംബർ. | ക്ലാസ് ടീച്ചേഴ്സ്. | |

| | | | | |
|---|---|---|---|---|
| ബോധവൽക്കരണ ക്ലാസ് രക്ഷിതാക്കൾക്ക്. | * ജനറൽ PTA യുടെ കൂടെ ലഹരിവിരുദ്ധം - പോക്സോ, ആരോഗ്യം - ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കായുള്ള ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ | ജൂൺ- ഏപ്രിൽ | PTA | |
| LSS പരിശീലനം | * പഠനസാമഗ്രികൾ തയ്യാറാക്കൽ, മാതൃകാ പരീക്ഷകൾ സംഘടിപ്പിക്കൽ<br>* ചിട്ടയായ പരിശീലനം നൽകൽ | ജൂൺ- മാർച്ച് | അധ്യാപകർ. | |
| | | | | |

## ഉപസംഹാരം.

ജി. എൽ. പി. എസ് എരുത്തുംകടവിന്റെ SWOT വിശകലനം സർക്കാർ പിന്തുണയും കമ്മ്യൂണിറ്റി പങ്കാളിത്തവും രക്ഷകർതൃ പിന്തുണയും പോലുള്ള സുപ്രധാന ശക്തികളെ എടുത്തുകാണിക്കുന്നു. എന്നിരുന്നാലും അടിസ്ഥാന സൗകര്യങ്ങൾ, അധ്യാപക-രക്ഷകർതൃ ഇടപെടൽ എന്നിവയുടെ കാര്യത്തിൽ സ്കൂൾ ഗണ്യമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നു.

സ്കൂളിന്റെ മൊത്തത്തിലുള്ള പ്രകടനവും ഫലപ്രാപ്തിയും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള ഇടപെടലുകൾ വികസിപ്പിക്കുന്നതിനുള്ള അടിസ്ഥാനമായി ഈ വിശകലനം പ്രവർത്തിക്കുന്നു. ഈ വിശകലനത്തിലൂടെ വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസ ഫലങ്ങൾ നൽകാൻ മുന്നോട്ടേക്ക് ചുവട് വയ്ക്കുന്നു.

പ്രവർത്തന കലണ്ടർ പ്രകാരം ഏറ്റെടുത്ത്
നടത്തുന്ന പ്രവർത്തനങ്ങൾ.

1. ദിനതല ക്ലാസ് : ഭാഷാപ്രവർത്തനങ്ങളിലും ഗണിത
പ്രവർത്തനങ്ങളിലും പിന്നോക്കം നിൽക്കുന്ന കുട്ടിക
ക്കായി പ്രത്യേക മൊഡ്യൂൾ പ്രകാരം (മലയാളത്തിലുക്ക
ഹലോ ഇംഗ്ലീഷ്) ക്ലാസുകൾ രാവിലെയും വൈകു
ന്നേരവും ഓരോ മണിക്കൂർ വീതം നടത്തുന്നു

2. വിലയിരുത്തൽ : തിങ്കൾ മുതൽ വ്യാഴം വരെ
നടന്ന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നട
ത്തുന്നു. തുടർപ്രവർത്തനം കണ്ടെത്തുന്നു.

3. SRG : ദിനതല പ്രവർത്തനങ്ങളുടെ ഭാഗമാ
ഉള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ SRG
ചേർന്ന് അടുത്തയാഴ്ചയിലെ പ്രവർത്തനങ്ങൾ
ആസൂത്രണം ചെയ്യുന്നു.

4. S.M.C : സ്കൂളിന്റെയും കുട്ടികളുടെയും
പ്രവർത്തനവിലയിരുത്തലിനായി മാസത്തിലൊ
രിക്കൽ S.M.C ചേരുന്നു. പ്രവർത്തനങ്ങൾക്കാവ
ശ്യമായ പിന്തുണ ഉറപ്പാക്കുന്നു.

5. P.T.A : മാസത്തിലൊരിക്കൽ യോഗം ചേർ
പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അനുയോ
ജ്യമായ പഠനപിന്തുണ ഉറപ്പാക്കുന്നു.

6.ഗൃഹ സന്ദർശനം:

വെള്ളിയാഴ്ചകളിൽ സ്കൂളിലെ എല്ലാകുട്ടികളുടെ
ഗൃഹ സന്ദർശനം നടത്തി പഠനസൗകര്യം ഉറപ്പാക്കു

7.കോർണർ പി.ടി.എ :

പിന്നോക്കം നിൽക്കുന്ന കുട്ടികളടങ്ങിയ
സ്ഥലങ്ങളിൽ കോർണർ പി.ടി.എ സംഘടിപ്പിക്കു
രക്ഷിതാക്കളെ ബോധവൽക്കരിക്കുന്നു.

8. Work shop :

മാസത്തിലൊരിക്കൽ കുട്ടികൾക്ക് club പ്രവ
ത്തനങ്ങളുടെ ഭാഗമായി രക്ഷിതാക്കൾക്ക് ബോധ
വൽക്കരണത്തിന്റെ ഭാഗമായി workshop സംഘടി
പ്പിക്കുന്നു.

9. ക്ലബ് പ്രവർത്തനങ്ങൾ :

ആഴ്ചയിലൊരിക്കൽ സ്കൂളിലെ എല്ലാ ക്ലബ്ബു
കളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ബാലസ
കളിൽ ക്ലബ് പ്രവർത്തനങ്ങൾ നടത്തുന്നു.

10. അസംബ്ലി :

തിങ്കൾ, വ്യാഴം ദിവസങ്ങളിൽ മലയാളം
ഇംഗ്ലീഷ്, അറബി ഭാഷകളിൽ അസംബ്ലി നടത്തു
ന്നു. എല്ലാ ക്ലാസുകളുടെയും പങ്കാളിത്തം
ഉറപ്പാക്കുന്നു.

## ക്ലാസ്തല അക്കാദമിക മാസ്റ്റർ പ്ലാൻ

# അറബി

ജി. എൽ. പി. എസ്. എരുതുംകടവ്

**2025-26**

മേഖല - അക്കാദമികം

ഉപമേഖല - അറബിക്

ക്ലാസ്- **I to IV**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | - അക്ഷരവായന<br>- ക്ലാസ് വായന<br>- ലൈബ്രറി വായന<br>- ചിത്ര വായന<br>- മാഗസിൻ വായന<br>- വീടുവായന<br>- കഥാ വായന<br>- വായനാമത്സരങ്ങൾ<br>- മോണിറ്ററിംഗ്<br>- വാക്യങ്ങൾ ഉറപ്പിക്കൽ<br>- വ്യാകരണങ്ങൾ<br>- ഇ-വായന | I- II<br>I- II<br>III- IV<br>I- IV<br>III- IV<br>I- IV<br>III- IV<br>II- III-IV<br>I- IV<br>III- IV<br>I- IV | ജൂൺ-ജൂലൈ<br>ജൂൺ-ഫെബ്രുവരി<br>നവംബർ-ഡിസംബർ<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA<br>SRG |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്. | -ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു.<br>- ലാംഗ്വേജ് ഗെയിംസ്<br>- റോൾ പ്ലേ<br>- ക്ലാസ് സംഭാഷണം<br>- കാർട്ടൂൺ<br>- പ്രദർശനം<br>- പദസമ്പത്ത് വർദ്ധിപ്പിക്കൽ<br>- ഡ്രമാറ്റൈസേഷൻ | I- IV<br>I- IV<br>I- IV<br>III- IV<br>I- IV | ജൂലൈ -മാർച്ച്<br>ജൂലൈ -മാർച്ച്<br>ആഗസ്റ്റ്-ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ<br>PTA |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | - അക്ഷരങ്ങൾ ഉറപ്പിക്കൽ<br>- പദങ്ങൾ ഉറപ്പിക്കൽ<br>- ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>- കൂട്ടി എഴുത്ത്<br>- അക്ഷരക്കാർഡ് നിർമ്മാണം<br>- കൈയ്യെഴുത്ത് മാസിക<br>- ചുമർ പത്രിക നിർമ്മാണം<br>- ചാർട്ടെഴുത്ത്<br>- ചിത്രകഥ നിർമ്മിക്കൽ<br><u>Translation.</u><br>-Malayalam to Arabic<br>-Arabic to Malayalam<br>Arabic to English<br>-English to Arabic | III- IV<br>I- II<br>I- II<br>I- II<br>I- II<br>I- II<br>III- IV<br>III- IV<br>II- III-IV<br>II- III-IV<br>I- IV | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ഡിസംബർ<br>സപ്തംബർ - മാർച്ച്<br>ഒക്ടോബർ<br>ഫെബ്രുവരി<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA |

# ക്ലാസ്തല അക്കാദമിക മാസ്റ്റർ പ്ലാൻ

# ഭാഷ

ജി. എൽ. പി. എസ്. എരുതുംകടവ്

**2025-26**

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ.<br><br>2) അമ്മ പറയട്ടെ അമ്മമാർ കുട്ടി കഥകൾ അവതരിപ്പിക്കുന്നു. | സെപ്തംബർ<br>ഒക്ടോബർ<br><br>ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി.<br><br>ക്ലാസ് ടീച്ചർ<br>SRG<br>മദർ പി.ടി.എ. | SMC<br><br>മദർ പി.ടി.എ. |

**മേഖല – അക്കാദമികം**

**ഉപമേഖല – ഭാഷ**

**ക്ലാസ് – II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപ ങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ<br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി. ടി. എ<br>സ്റ്റാഫ്. | ടങ്ങ<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തി കൾ | SRG<br>SMC |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ<br>SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ<br>ഡിസംബർ | അദ്ധ്യാപകർ<br>SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ<br>ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല<br>SMC<br>SRG | ക്ലബ്ബ്<br>SMC<br>SRG |
| | 2) വായനാക്കളരി | ആഴ്ചയിലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ<br>സാഹിത്യ ക്ലബ്ബ് | വായനശാല |

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

# ക്ലാസ്തല അക്കാദമിക മാസ്റ്റർ പ്ലാൻ

# ഇംഗ്ലീഷ്

ജി. എൽ. പി. എസ്. എരുതുംകടവ്

**2025-26**

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം<br>സിനിമാ പ്രദർശനം | മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher | S S A |

Downloaded from: https://textbooksall.blogspot.com/

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസ ത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരി ക്കുവാനുള്ള അവസരമൊരു ക്കൽ | Let's talk...... പ്രതിഭാധനരുമായി സംവദിക്കൽ.<br>English ബാലസഭ.<br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസ ത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന - ആശയമറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | | |
| | വാർത്താവായനാമത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | | |
| | വായനാക്യാമ്പുകൾ | 3 മാസത്തിൽ ഒന്ന് | | |
| | ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച് | | |

Downloaded from: https://textbooksall.blogspot.com/

## English – Std IV

| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതു. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

Downloaded from: https://textbooksall.blogspot.com/

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br><br>വായനാവേള ഒരുക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | ഒങ<br>ഇഹമൈ<br>ഠലമരവല്യ<br>ടങഇ<br>ഇഹമൈ ജഠഅ | ജഠഅ ഋ്ീറ<br>ടങഇ |

ക്ലാസ്തല അക്കാദമിക മാസ്റ്റർ പ്ലാൻ

# ഗണിതം

ജി. എൽ. പി. എസ്. എരുതുംകടവ്

**2025-26**

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ | ജൂൺ - മാർച്ച് | ടഞഏ | SSA |
| | 2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ് | സപ്തംബർ | ക്ലാസ് ടീച്ചർ | |
| | 3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പ ശാല രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

# ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഏ<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

ക്ലാസ്തല അക്കാദമിക മാസ്റ്റർ പ്ലാൻ

# പരിസര പഠനം

ജി. എൽ. പി. എസ്. എരുതുംകടവ്

2025-26

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീല ങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപ. യോഗിച്ചുള്ള പാചക വും രുചി അറിവും | ജൂൺ- ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറി യുന്നതിനും ആസ്വദിക്കുന്ന തിനും | പുഷ്പോദ്യാനം, ഔഷ ധത്തോട്ടം, ചുറ്റുവട്ട ത്താകെ | ഡിസംബർ ജനുവരി | SRG SMC | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്.<br>കാണാക്കാഴ്ചകൾ - ഇല | സപ്തംബർ<br>ഡിസംബർ | ടീച്ചേർസ്<br>SRG<br>SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്ത് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

# പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളറ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസസശ,<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |